കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്
# 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ(പി3)491/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 15.06.2019

ഡെപ്യൂട്ടി ഡയറക്ടർ

*പ്രസിഡന്റ് (സെക്രട്ടറി മുഖേന)*
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ(പി3)491/2019 തീയതി: 15.06.2019

## തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2017 മുതൽ 31.03.2018 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.19 മുതൽ 02.03.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ബിത.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രശാന്ത് .റ്റി.ജി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ . ജോയ്സൻ. സി.ജെ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | സച്ചിത്ത് കെ.കെ. | 01.04.2017- 31.03.2018 |
| സെക്രട്ടറി | എൻ.എം.അബ്ദുൾ ജലീൽ | 01.04.2017- 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ജോതിബിന്ദു | 1.4.17-19.9.17 |
| | സാജിത റഹ്മാൻ | 19.9.17-28.10.17 |
| | ഷജ്ന പി.കെ. | 28.10.2017-31.03.2018 |
| വെറ്ററിനറി സർജൻ | ജോബി ടി.ജെ. | 01.04.2017-31.03.2018 |
| ഫിഷറീസ് സബ്. ഇൻസ്പെക്ടർ | ആഷമോൾ ആൻറണി(അഡീഷ്ണൽ ചാർജ്) | 01.04.2017-22.04.2017 |
| | സുജാദേവൻ (അഡീഷ്ണൽ ചാർജ്) | 22.04.2017-11.05.2017 |
| | അൻസിൽ പി.എം. | 11.05.2017-31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സിനി സി.ജെ. | 01.04.2017-31.03.2018 |
| ഹെഡ്മിസ്ട്രസ് | വി.എസ്.ദീപ | 01.04.2017-31.05.2017 |
| | ഇ.ആർ.ഷീല | 07.06.2017-01.04.2018 |
| ആയുർവേദ ഡോക്ടർ | എഡിസൻ പി. | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ സിഎച്ച്സി | സജീവൻ കെ.എം. | 01.04.2017-31.03.2018 |
| അസി.സെക്രട്ടറി | മുഹമ്മദ് റഫീക്ക് | 01.04.2017-02.08.2017 |
| | ഗിരീഷ് മോഹൻ എം. | 02.08.2017-31.09.2017 |
| | രാജു കെ.ജെ. | 01.10.2017-31.03.2018 |
| അസി.എഞ്ചിനീയർ | പ്രകാശൻ സി.എസ്. | 01.04.2017-19.07.2017 |
| | അനു ടി | 19.07.2017-14.08.2017 |
| | നിഷി പി.ദേവദാസ് | 14.08.2017-31.03.2018 |
| വി.ഇ.ഒ. | ഹന പി.എ. | 01.04.2017-04.07.2017 |
| | ആഷ കെ.ആർ. | 04.07.2017-31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത് ഇ.എം. | 01.04.2017-31.03.2018 |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ്&പേമന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപെൻഷനുകൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | അസിസ്റ്റന്റ് എഞ്ചീനിയർ പൊളിച്ചു കളയുന്നതിന് നിർദ്ദേശം നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് ഭരണസമിതി തീരുമാനപ്രകാരം വാടകയ്ക്ക് നൽകുന്നു | 2-1 |
| 14 | വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 2-2 |
| 15 | ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കുന്നു | 2-3 |
| 16 | ഇ- ടെണ്ടർഫീ ഇനത്തിൽ ലഭിയ്ക്കേണ്ട തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. | 2-4 |
| | ഭാഗം - 3 | |
| 17 | പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-1 |
| 18 | വി.ഇ.ഒ നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കിയില്ല. | 3-2 |
| 19 | അങ്കണവാടികളുടെ പ്രവർത്തനം -അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം | 3-3 |

| | | |
|---|---|---|
| 20 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വകയിരുത്തലും വിനിയോഗവും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ മേഖലയിലല്ല | 3-4 |
| 21 | ഫർണ്ണിച്ചർ വാങ്ങൽ പദ്ധതികൾ - അപാകതകൾ | 3-5 |
| 22 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് | 3-6 |
| 23 | കാർഷികസേവനങ്ങൾക്ക് സബ്സിഡി - പദ്ധതി നിർവ്വഹണം മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പ്രകാരമല്ല | 3-7 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 3-8 |
| 25 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങൽ - നിരീക്ഷണങ്ങൾ | 3-9 |
| 26 | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ ആകെ ചെലവുതുക 6,93,889 രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 27 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി -പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-11 |
| 28 | സബ്സെന്ററിലേക്ക് ടെഡ്മിൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി. | 3-12 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - പദ്ധതി തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ്ജ് ഈടാക്കുന്നു. | 3-13 |
| 30 | സാന്ത്വന പരിചരണ പദ്ധതി- മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. | 3-14 |
| 31 | വനിതാ ഘടകപദ്ധതി- ആവിഷ്കരിച്ചതിലെ അപാകതകൾ | 3-15 |
| 32 | മരാമത്ത് പ്രവൃത്തികൾ-അവലോകനം. | 3-16 |
| 33 | ഗുണഭോക്തൃസമിതി മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ | 3-17 |
| 34 | ഗുണഭോക്തൃ സമിതി മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജും നികുതികളും കുറവ് വരുത്തിയതിലെ അപാകതകൾ | 3-18 |
| | ഭാഗം – 4 | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 45 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 46 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 23/03/2017 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | 127,192,768 | 122,594,992 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 28-5-18 | - | 01.06.18 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.18 & 23.06.18 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(58) /12.07.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,40,50,381 |
| വരവ് | 4,33,79,407 |
| ആകെ | 5,74,29,788 |
| ചെലവ് | 5,03,75,254 |
| നീക്കിയിരിപ്പ് | 70,54,534 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9832000 | 9832000 | 7874233 | 1957767 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5764478 | 5764478 | 3397632 | 2366846 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6021000 | 6021000 | 4742999 | 1278001 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 1737790 | 853210 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4617638 | 4617638 | 3992220 | 625418 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 334135 | 334135 | 287842 | 46293 |
| ഫണ്ടിന് | | | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 164587 | 14313 | 178900 | 35171 | 143729 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 13081302 | 13081302 | 13081302 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6252 | 990839 | 997091 | 991709 | 5382 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ICDS | | 1434721 | 583339 | 2018060 | 279574 | 1738486 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| Suchithuve Mission | | 198000 | 525940 | 723940 | 719320 | 4620 |
| Ayurvedam | | 0 | 0 | 0 | 0 | 0 |
| MLA Fund | | 0 | 0 | 0 | 0 | 0 |
| Keralolsavam | | 0 | 20000 | 20000 | 20000 | 0 |
| Vimukthi | | 24657 | 12500 | 37157 | 5000 | 32157 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 516611 | 1460000 | 1976611 | 1334892 | 641719 |
| | ജില്ലാ പഞ്ചായത്ത് | 14500 | 250000 | 264500 | 147700 | 116800 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 27240 | 27240 | 27240 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 18904600 | 18904600 | 18904600 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 1687900 | 1687900 | 1687900 | 0 |
| അവിവാഹിത പെൻഷൻ | | 0 | 417600 | 417600 | 417600 | 0 |
| വിധവ പെൻഷൻ | | 0 | 12230800 | 12230800 | 12230800 | 0 |
| വികലാംഗ പെൻഷൻ | | 0 | 3081200 | 3081200 | 3081200 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 420000 | 420000 | 420000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 10567087 | 8075829 | 18642916 | 17998561 | 644355 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI | 1253952 | 10280009 | 11533961 | 7139981 | 4393980 |
| | എസ്.ബി.ഐ e-payment | | 29179 | 29179 | 649 | 28530 |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് PSCB | 742524 | 811454 | 1553978 | 896096 | 657882 |
| | ട്രഷറി അക്കൗണ്ട് | 10567087 | 8075829 | 18642916 | 17998561 | 644355 |
| | J V STSB | 100000 | 1710000 | 1810000 | 1726197 | 83803 |
| മറ്റിനം | | | | | | |
| ഭവനനിധി | | | | | | |
| TDCB FD | | | | | | |
| TDCB sanitation | | 445055 | 134935 | 579990 | 362583 | 217407 |
| Distress relief fund SBI | | 164587 | 14313 | 178900 | 35171 | 143729 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 160 | 47789789 | 140 | 25624697 | - | 20 | 87.50 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | 3 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | സ്പിൽ ഓവർ | 50000 |
| 2 | 59 | ഗ്രാമ കേന്ദ്രങ്ങൾ ശാക്തീകരിക്കൽ | പുതിയത് | 200000 |
| 3 | 60 | പൗരാവകാശ രേഖ പുതുക്കൽ | പുതിയത് | 25000 |

| | | | | |
|---|---|---|---|---|
| 4 | 10 | മൽസ്യതൊഴിലാളികൾക്ക് കൂട് കൃഷി | സ്പിൽ ഓവർ | 300000 |
| 5 | 155 | അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ(5,8) | പുതിയത് | 684721 |
| 6 | 165 | തണൽ | പുതിയത് | 50000 |
| 7 | 5 | തുണിസഞ്ചി നിർമ്മാണം | സ്പിൽ ഓവർ | 50000 |
| 8 | 134 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുന്ന മൂത്രപ്പുര | പുതിയത് | 100000 |
| 9 | 129 | കാർഷിക സേവനങ്ങൾക്ക് സബ്സിഡി | പുതിയത് | 250000 |
| 10 | 105 | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ | പുതിയത് | 55000 |
| 11 | 163 | പട്ടികജാതി വിഭാഗങ്ങൾക്ക് വിവിധോദ്ദേശ പദ്ധതികൾക്കായി സ്ഥലം വാങ്ങൽ | പുതിയത് | 2326000 |
| 12 | 104 | പഞ്ചായത്തുതല ടീം സെലക്ഷനും കോച്ചിംങ്ങ് ക്യാമ്പും | പുതിയത് | 150000 |
| 13 | 88 | ആശ്രയ ഭവന നിർമ്മാണം | പുതിയത് | 250000 |
| 14 | 135 | ജീവിത ശൈലീരോഗ നിർണ്ണയ പരിശോധന | പുതിയത് | 150000 |
| 15 | 28 | പകൽവീട് | സ്പിൽ ഓവർ | 600429 |
| 16 | 37 | വാർഡ് 4 ലെ ഒരുമ കോളനി സമഗ്ര വികസനം | സ്പിൽ ഓവർ | 250000 |
| 17 | 40 | പൈപ്പിൻ റോഡ് ബാക്കി ഭാഗം പൂർത്തീകരണം | സ്പിൽ ഓവർ | 75000 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6252 | 990839 | 997091 | 991709 | 5382 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13081302 | 13081302 | 13081302 | 0 |

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 27240 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 1687900 | 565 |
| വിധവാ പെൻഷൻ | 12230800 | 3991 |
| വാർദ്ധക്യകാല പെൻഷൻ | 18904600 | 5552 |
| വികലാംഗപെൻഷൻ | 3081200 | 987 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 417600 | 169 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7160 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പടെ ചുമത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
3)തെരുവ് വിളക്കുകളുടേയും, പൊതുടാപ്പുകളുടേയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.
4) ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.
5)ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യു ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.
6)ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12/02/19 | 01/01/2010 -31/01/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 28/01/2013 | 2007to 2011-12 | 04/07/2013 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 2804012 | 2465450 |
| സാഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 2506384 | 2371593 |
| നോൺ റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 1582126 | 1184598 |
| സാഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1581684 | 1283533 |
| റസിഡൻഷ്യൽ കുടിശ്ശിക | | |
| വാർഷിക കണക്കുപ്രകാരം | 1259587 | 810479 |
| സാഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1005245 | 776967 |
| നോൺ റസിഡൻഷ്യൽ കുടിശ്ശിക | | |
| വാർഷിക കണക്കുപ്രകാരം | 640725 | 481088 |
| സാഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 828994 | 512861 |

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1463117 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 69672 ആണ്.എന്നാൽ ഈ ശീർഷകത്തിൽ 312510 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള. സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽനികുതി ഇനത്തിൽ കുടിശ്ശിക

ഉണ്ട്.എന്നാൽ നികുതി , കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി , സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

6.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net Increase in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6995847 രൂപയാണ്.എന്നാൽ Net cash generated by operating Investing Financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 479394 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അസിസ്റ്റന്റ് എഞ്ചിനിയർ പൊളിച്ചു കളയുന്നതിന് നിർദ്ദേശം നൽകിയ ഷോപ്പിംഗ് കോപ്ലക്സ്, ഭരണസമിതി തീരുമാനപ്രകാരം വാടകയ്ക്ക് നൽകുന്നു

പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് കെട്ടിടം 5/7/2016 ലെ കത്ത് പ്രകാരം പ്രവർത്തന യോഗ്യമല്ലായെന്ന് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 01/08/2016 ലെ കമ്മിറ്റി, കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കച്ചവടം നടത്തുന്നവരുടെ എഗ്രിമെന്റ് 31/03/2017 ന് ശേഷം തുടർന്ന് നൽകേണ്ടതില്ലെന്നും, മുകളിൽ പ്രവർത്തിക്കുന്നവർക്ക് ഒരുമാസത്തിനകം നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇതുപ്രകാരം നോട്ടീസ് നൽകുകയും അവർ ഒഴിഞ്ഞ് പോയിട്ടുള്ളതും താഴത്തെ നിലയിലെ വാടകക്കാരെ കമ്മിറ്റിയുടെ തീരുമാനം അറിയിച്ചതുമാണ്. എന്നാൽ 23/03/2017 ലെ ചേർന്ന കമ്മിറ്റി മാനുഷിക പരിഗണനയാലും, കച്ചവടക്കാരുടെ സ്വന്തം ഉത്തരവാദിത്വത്തിലും 6 മാസം കൂടി വാടകക്കരാറിന്റെ കാലാവധി നീട്ടി കൊടുത്തിട്ടുള്ളതാണ്. ആയതിന്റെ കാലാവധി 30/09/2017 ൽ അവസാനിച്ചിട്ടുണ്ടെങ്കിലും 22/09/2017 ലെ കമ്മിറ്റി തീരുമാനം 13 പ്രകാരം 6 മാസം കൂടി വാടകകരാറിന്റെ കാലാവധി നീട്ടി കൊടുത്തു. സെക്രട്ടറിയുടെ വിയോജിപ്പിനെ തുടർന്ന് 12/10/2017 ൽ കമ്മിറ്റി കൂടുകയും 22/09/2017 ലെ കമ്മിറ്റി തീരുമാനം 13 ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 31/03/2018 ലെ 10/1-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 01/04/2017 മുതൽ ഒരു വർഷത്തേക്ക് കൂടി വാടകയ്ക്ക് നീട്ടി നൽകുന്നതിന് തീരുമാനിച്ച (കച്ചവടക്കാരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ). സെക്രട്ടറിയുടെ വിയോജിപ്പിനെ തുടർന്ന് 28/04/2018 ലെ 21/17 -ാം നമ്പർ തീരുമാനപ്രകാരം 31/03/2018 ലെ 10/1-ാം നമ്പർ കമ്മിറ്റി തീരുമാനം ശരിവയ്ക്കുകയും ചെയ്തു. ഇത്തരത്തിൽ കമ്മിറ്റി തീരുമാനമെടുത്ത് പ്രവർത്തന യോഗ്യമല്ലാത്ത കെട്ടിടം കച്ചവടക്കാരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ വാടകയ്ക്ക് നൽകിയത് ശരിയായ നടപടിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2016-17 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിൽ അപകടാവസ്ഥയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ കച്ചവടക്കാരെ ഒഴിപ്പിക്കുന്നതോ, ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിലേക്ക് താൽക്കാലികമായി മാറ്റുന്നതിനോ യുക്തമായ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ജനങ്ങളുടെ സുരക്ഷയെ കണക്കിലെടുത്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള അപേക്ഷകളിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയതായി കാണുന്നില്ല. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴികൾക്ക് ചട്ടപ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് ആവശ്യമാണ്. എന്നാൽ അപേക്ഷ എ3-4276/17 പ്രകാരം സിദ്ദിഖ്, വടക്കേത്തലയ്ക്കൽ ഹൗസ്, പെരിഞ്ഞനം എന്നവരുടെ 326.13 ച.മീ വാണിജ്യ കെട്ടിടം വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയിട്ടില്ല. ഇവരുടെ കെട്ടിടം സ്ഥിതി ചെയ്യുന്നത് എൻ.എം യൂസഫ് റോഡിലാണ്. ഈ റോഡ് 5 മീറ്ററിലും കൂടുതലുള്ളതാണ്. ആയതിനാൽ ഇത്തരം അപേക്ഷകളിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വസ്തുനികുതിയിൽ 20% വർദ്ധനവ് ആവശ്യമാണ്. മുൻ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയിച്ച അപേക്ഷകളിലും ഈ തെറ്റ് വന്നിട്ടുണ്ടാകും. ആയതിനാൽ ഇത്തരത്തിൽ തെറ്റായി വസ്തുനികുതി നിർണ്ണയിച്ചവ പുനർ നിർണ്ണയിക്കേണ്ടതാണ്.

## 2-3 ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കുന്നു

എ3-4276/17 പ്രകാരം സിദ്ദിഖ്, വടക്കേത്തലയ്ക്കൽ ഹൗസ്, പെരിഞ്ഞനം എന്നവരുടെ 326.13 ച.മീ വാണിജ്യ കെട്ടിടം ക്രമവത്ക്കരിച്ചപ്പോൾ ക്രമവത്ക്കരണ ഫീസ് തെറ്റായി ഈടാക്കിയതായി കാണുന്നു. വാണിജ്യ കെട്ടിടമായതിനാൽ 326.13x10=3261.3 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 2089/- രൂപയാണ് ഈടാക്കിയത്. കുറവു വന്ന 1172/- രൂപ ഈടാക്കേണ്ടതാണ്

## 2-4 ഇ- ടെണ്ടർഫീ ഇനത്തിൽ ലഭിയ്ക്കേണ്ട തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/17 നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഈ ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2016-17,2017-18 വർഷങ്ങളിലായി 16985+ 21800=38785 രൂപ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമാകാനുണ്ടെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള ഇരുനൂറ്റിഅമ്പത്തിയേഴ് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 13,49,256 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണത്തെപ്പറ്റി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന സമീപകാലത്ത് നടത്തിയിട്ടില്ലായെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടുള്ളത്. സംയുക്ത പരിശോധനയുടെ അഭാവത്തിൽ ലഭ്യമാകുന്ന സേവനത്തിന് തന്നെയാണ് തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുക ചെലവ് ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ സാധിക്കില്ല. ഇക്കാര്യത്തിൽ ജി.ഒ(ആർ.ടി)2242/11 തീയതി 25.09.11, 1501/2006 (ത.സ്വ.ഭ.വ) തീയതി 23.06.2006പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-2 വി.ഇ.ഒ നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കിയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്നതിനായി ആറ് ലക്ഷം രൂപ വകയിരുത്തിയ താഴെ പറയുന്ന പദ്ധതികളിൽ ഒന്നു പോലും നടപ്പാക്കിയിട്ടില്ല.

1) 5/18- തുണി സഞ്ചി നിർമ്മാണം

2)64/18-സംരംഭകത്വ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് കൈമാറൽ

3)134/18-തൊഴിലുറപ്പ് തൊഴിലാളികൾക്ക് മൂത്രപ്പുര

4)169/18 ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരണം

ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടികൾ പ്രകാരം തുണി സഞ്ചി നിർമ്മാണത്തിന് കരാറിലേർപ്പെട്ടിരുന്ന ഗ്രൂപ്പിന് നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള താൽപര്യമില്ലായ്മ മൂലം തുക കൈമാറിയിട്ടില്ലെന്നും, റിവോൾവിംഗ് ഫണ്ട് കൈമാറാനായി കണ്ടെത്തിയ സംരഭകത്വ ഗ്രൂപ്പ് പ്രവർത്തനം സമയത്തിന് തുടങ്ങാത്തതിനാൽ സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ടെന്നും, നൂതന പദ്ധതിയായതിനാൽ പ്രത്യേകാനുമതി ലഭ്യമാകാത്തതിനാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുന്ന മൂത്രപ്പുര പദ്ധതി നടപ്പാക്കിയിട്ടില്ലായെന്നും, ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരണം ട്രഷറി ബിൽ ഒബ്ജക്ഷൻ മൂലം സമയത്തിന് തുക നൽകാനാവാതെ നടപ്പാക്കാനായില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്.

തികച്ചും സാങ്കേതികമായ കാരണങ്ങൾക്കൊണ്ട് ഒരു നിർവ്വഹണോദ്യോഗസ്ഥന് ചുമതലയേൽപ്പിച്ച പദ്ധതികളിൽ ഒന്നും തന്നെ നടപ്പാക്കാനായിട്ടില്ലെന്നുള്ളത് ഗൗരവമായി നിരീക്ഷിക്കുന്നു. ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ടി വിഷയത്തിൻമേൽ പരിഹാരനടപടികൾ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മാത്രമല്ല ചുമതലയേൽപ്പിച്ച നിർവ്വഹണോദ്യോഗസ്ഥൻ ആയത് യഥാസമയം നടപ്പിലാക്കുന്നുണ്ടോയെന്നും പരിശോധിക്കേണ്ടത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർവ്വഹണോദ്യോഗസ്ഥനും ഇക്കാര്യത്തിൽ അനാസ്ഥ കാണിച്ചിട്ടുണ്ടെന്ന് നിരീക്ഷിക്കുന്നു

## 3-3 അങ്കണവാടികളുടെ പ്രവർത്തനം -അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം

പഞ്ചായത്തിൽ നിലവിലുള്ള ഇരുപത്തിമൂന്ന് അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത് എണ്ണത്തിനാണ്. മൂന്നെണ്ണം പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. ഒരെണ്ണമൊഴിച്ച് ബാക്കിയെല്ലാം സുരക്ഷിതത്വമുള്ളതാണെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെത്തിയിട്ടുണ്ട്. എല്ലാ അങ്കണവാടികൾക്കും ശൗച്യാലയ സൗകര്യങ്ങളും ഗ്യാസ്, വൈദ്യുതി കണക്ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. ഐ.സി. ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്താനായി 6,84,721 രൂപ വകയിരുത്തിയ പദ്ധതി നമ്പർ 155/18 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ നടപ്പാക്കിയിട്ടില്ലാത്തതാണ്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും, സുരക്ഷിതത്വമുള്ളതല്ലെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതുമായ അങ്കണവാടികൾ നിലവിലുള്ള സാഹചര്യത്തിൽ മേൽ പദ്ധതി നടപ്പാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുകക്ക് ഭൂമി ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതി

നടപ്പാക്കാതിരുന്നതെന്നറിയിച്ചിട്ടുണ്ട്. വകയിരുത്തിയ തുക അപര്യാപ്തമെങ്കിൽ ആവശ്യമായ തുക വകയിരുത്തി പുതിയ പദ്ധതി ആസൂത്രണം ചെയ്ത് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വകയിരുത്തലും വിനിയോഗവും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ മേഖലയിലല്ല

സ.ഉ (എം.എസ്) നം. 72/2017/തസ്വഭവ തി. 29.03.17 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖയിലെ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ചുള്ള ഖണ്ഡിക 13.8 പ്രകാരം അടിസ്ഥാനസൗകര്യമേഖലകളായ ശുചിത്വം / മാലിന്യപരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, കുടിവെള്ളവിതരണം, നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ, ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നീ ആവശ്യങ്ങൾക്കുമാത്രമേ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവൂ. ഇതിനു വിരുദ്ധമായി 2017-18 വർഷത്തെ പദ്ധതിനിർവ്വഹണത്തിൽ താഴെപ്പറയുന്ന പദ്ധതികളിൽ അനുവദനീയമല്ലാത്ത മേഖലകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചിട്ടുണ്ട്.

| പദ്ധതി വിവരങ്ങൾ | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ, വൗച്ചർ വിവരങ്ങൾ |
|---|---|---|---|
| ഭിന്നശേഷിവിഭാഗക്കാർക്ക് റിസോഴ്സ് ക്ലബ്ബ്- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ, S0085/18 | 50,000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 50,000/- | 11/17-18 dt. 26.09.17 |
| ഐ.എം.എ ബ്ലഡ് ബാങ്ക്- വിഹിതം നൽകൽ, S0087/18 | 1,00,000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,00,000/- | 10/17-18 dt. 26.09.17 |

കൂടാതെ, ഫ്രണ്ട് ഓഫീസ് നവീകരണം (S0158/18) എന്ന പദ്ധതിയിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 160709/- രൂപ ചെലവഴിക്കുകയും (ട്രഷറി ബിൽ നം. 26/17-18, dt. 16.03.18). പഞ്ചായത്ത് ഓഫീസ് ആധുനികവത്കരണം (S0084/18) എന്ന പദ്ധതിയിൽ ഫർണ്ണിച്ചർ വാങ്ങുന്നതിനായി 4,00,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതും ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് യോജിക്കുന്നതല്ല. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വകയിരുത്തലിലും വിനിയോഗത്തിലും മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഫർണ്ണിച്ചർ വാങ്ങൽ പദ്ധതികൾ - അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

1) ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചറും ഉപകരണങ്ങളും (S0058/18)

തദ്ദേശഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) നം. 259/10/തസ്വഭവ തി. 08.11.2010 പ്രകാരം മാതൃകസമർപ്പണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വ്യവസ്ഥകളുണ്ട്.

എ) ടെണ്ടറിനൊപ്പം മാതൃക സമർപ്പിക്കേണ്ടതുണ്ടെങ്കിൽ ടെണ്ടറർ ആയത് സമർപ്പിക്കേണ്ടതാണ്.

ബി) മാതൃക ഇല്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരാകരിക്കാവുന്നതാണ്.

സി) മാതൃകകൾ സൗജന്യ നിരക്കിൽ സ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്.

മേൽനിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നത് ടെണ്ടർ ക്ഷണിക്കുമ്പോൾ തന്നെ മാതൃകാസമർപ്പണത്തിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിക്കണമെന്നാണ്. എന്നാൽ, മേൽപദ്ധതിയുടെ ടെണ്ടറുകൾ 25.11.17 ന് തുറന്ന ശേഷം 01.01.18 ലെ എ2-7268/17 നമ്പർ കത്ത് പ്രകാരം ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളായ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട്, ടിപ് ടോപ്പ് സ്റ്റീൽ ഫർണ്ണിച്ചേഴ്സ്, തൃപ്രയാർ എന്നിവയോട് മാതൃക സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ശരിയായ രീതിയല്ല. കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (S00115/18)പദ്ധതിയിലാകട്ടെ, ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളോട് മാതൃക സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആരും മാതൃക സമർപ്പിക്കാത്തതിനാൽ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (S00115/18)പദ്ധതി

മേൽപദ്ധതിയിൽ ആംലെസ് ഫൈബർ കസേരകൾ 300 എണ്ണം ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തെ ഇ.എം.ഡി നൽകുന്നതിൽ നിന്നും സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 8.6 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, സ്റ്റോഴ്സ് പർച്ചേസ് വകുപ്പിലെ രജിസ്ട്രേഷൻ പ്രകാരം ഏതൊക്കെ വസ്തുക്കൾ വിതരണം ചെയ്യുന്നതിനാണോ അനുമതിയുള്ളത് ആ വസ്തുക്കൾ വാങ്ങുമ്പോൾ മാത്രമേ ഇ.എം.ഡി ഒഴിവാക്കി നൽകുന്നതിന് സാധിക്കുകയുള്ളൂ. ഫിഡ്കോ എന്റർപ്രൈസസ് പ്ലാസ്റ്റിക് ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിന് സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ രജിസ്ട്രേഷൻ നടത്തിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാങ്ങൽ നടപടിക്രമങ്ങളിൽ ബന്ധപ്പെട്ട മാന്വലിലെയും സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

ജില്ലാപഞ്ചായത്ത് പദ്ധതികൾക്ക് വിഹിതം കൈമാറിയതും കേരള വാട്ടർ അതോറിറ്റി മുഖേന നിർവ്വഹണം നടത്തുന്ന നിക്ഷേപപ്രവൃത്തിക്കായി തുക നൽകിയതുമായ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

| പദ്ധതി വിവരങ്ങൾ | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ, വൗച്ചർ വിവരങ്ങൾ |
|---|---|---|---|
| ഭിന്നശേഷിവിഭാഗക്കാർക്ക് റിസോഴ്സ് ക്ലബ്ബ്- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ, S0085/18 | 50,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 50,000/- | 11/17-18 dt. 26.09.17 |
| എ.ബി.സി പദ്ധതി- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ, S0086/18 | 25,000/- തനത് ഫണ്ട് | 25,000/- | 21701115 dt. 31.03.18 |
| ഐ.എം.എ ബ്ലഡ് ബാങ്ക്- വിഹിതം നൽകൽ, S0087/18 | 1,00,000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,00,000/- | 10/17-18 dt. 26.09.17 |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, S0054/18 | 8,50,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,50,000/- | 16/17-18 dt. 22.11.17 |

വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാവുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 കാർഷികസേവനങ്ങൾക്ക് സബ്സിഡി - പദ്ധതി നിർവ്വഹണം മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പ്രകാരമല്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ (2017-22) ആദ്യവാർഷിക പദ്ധതിയുടെ (2017-18) സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തി. 03.04.17) കാർഷികസേവനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എ) സേവനങ്ങൾക്ക് നല്കുന്ന ബില്ലിൽ തദ്ദേശഭരണസ്ഥാപന സബ്സിഡി എന്ന് രേഖപ്പെടുത്തി കുറവ് ചെയ്ത് നൽകേണ്ടതാണ്.

ബി) ബിൽ പ്രകാരമുള്ള കുറവ് ലഭിച്ചിട്ടുണ്ടെന്നുള്ള ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയ ലിസ്റ്റ് പ്രകാരം കൃഷി ഓഫീസർ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തുക ഒന്നായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽവ്യവസ്ഥകൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. സ്ഥാപനത്തിന് നൽകുന്നതിന് പകരം സേവനം

ലഭിച്ച കർഷകരുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം മാർഗ്ഗരേഖ അനുശാസിക്കുന്നവിധത്തിൽ നടത്തേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലന പദ്ധതി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ട്രഷറി ബിൽ : 17230352027301063968 തി. 27.02.18, തുക -187500/- (15 x 12500/-)

ഷിനി പ്രകാശൻ (08/18 മുതൽ), ചാത്തൻ കക്കോട്ടുങ്ങൽ (ഇതുവരെ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല), നളിനൻ മുല്ലങ്ങത്ത് (10/18 മുതൽ) എന്നീ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട് (APCOS പെരിഞ്ഞനത്തിന്റെ ആനുകൂല്യവിതരണരജിസ്റ്റർ പ്രകാരം). കൂടാതെ, മറ്റ് ഗുണഭോക്താക്കൾക്ക് 02/19 വരെയുള്ള കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ടെങ്കിലും ഷേർളി പ്രകാശൻ എന്ന ഗുണഭോക്താവിന് 12/18 വരെ മാത്രമേ നൽകിക്കാണുന്നുള്ളൂ. പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്കായി എസ്.എൽ.ബി.പി ക്ക് നൽകിയ വിഹിതം തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങൽ - നിരീക്ഷണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി : പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങൽ, S0041/18

അടങ്കൽ : 2,50,000/- വികസനഫണ്ട് ജനറൽ

ചെലവ് : 2,19,500/-

ബിൽ വിശദാംശങ്ങൾ : 17230352025801112207 dt. 30.01.18

പദ്ധതി നിർവ്വഹണം സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

എ) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് കെട്ടിടം പൂർത്തീകരണവും അനുബന്ധസൗകര്യങ്ങളും, S0139/18) തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ബി) മാലിന്യസംസ്കരണപദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് ചുമതലപ്പെട്ട ശുചിത്വമിഷനിൽ നിന്ന് പ്രസ്തുതപദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചതിന് രേഖയില്ല.

സി) സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ല.

ഡി ) ശുചിത്വമിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ടെക്നിക്കൽ മാന്വൽ (വെബ്സൈറ്റിൽ ലഭ്യമാണ്) പ്രകാരം ഷ്രെഡ്ഡിംഗ് മെഷീന് 7.5 HP ശേഷിയുണ്ടാവേണ്ടതും സ്ഥാപിക്കുന്ന ബിൽഡിംഗിന് $45m^2$ വിസ്തൃതിയുണ്ടാവേണ്ടതുമാണ്. എന്നാൽ, 5HP ശേഷിയുള്ള മെഷീനാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപിക്കുന്ന സ്ഥലത്തിന് 30 sqft. വിസ്തൃതിയാണ് പദ്ധതിരേഖകളിൽ കാണുന്നത്.

മേൽസൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/02.03.19) മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന് 5 HP മെഷീൻ പര്യാപ്തമാണെന്നതിന് എന്തെങ്കിലും രേഖയുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

## 3-10 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- രേഖകളുടെ അഭാവത്തിൽ ആകെ ചെലവുതുക 6,93,889 രൂപ തടസ്സപ്പെടുത്തുന്നു.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

(A) പ്രൊജക്ട് നം.89/18 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ തുക - 420000 (എസ്.സി.പി)

ചെലവു തുക -404377 ട്രഷറി ബിൽ നം. 16/21.3.18

(i)ടെണ്ടർ നടത്തി കുറവ് തുക രേഖപ്പെടുത്തിയ എഡോട്ട് കമ്പ്യൂട്ടേഴ്സിന്റെ അഞ്ചുവർഷം വാറന്റി രേഖപ്പെടുത്തിയ 28884/- രൂപയുടെ നിരക്ക് അംഗീകരിച്ചു. 1.2.2017 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ യോഗനടപടി വിവരം ക്രമ നം. 2.24 പ്രകാരം ഐ.ടി. മിഷന്റെ മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആയിരിക്കണം വാങ്ങേണ്ടത്. ടെണ്ടർ സ്പെസിഫിക്കേഷൻ തയ്യാറാക്കിയപ്പോൾ മേൽ നിർദ്ദേശം പരിഗണിച്ചതായ രേഖപ്പെടുത്തലുകൾ ഫയലിൽ ഇല്ല. ഫയൽ പ്രകാരം ടെണ്ടർ സ്പെസിഫിക്കേഷനിൽ പ്രൊസസ്സർ ' Intel i3 7th Generation or Higher ആണ് ആവശ്യപ്പെട്ടത്. A Dot സമർപ്പിച്ച ക്വട്ടേഷനിൽ Sl.No 1a L ap t o p Computer – Acer AMD Processor AMD A8 6410/7410 ആണ് 28,884 രൂപ നിരക്കു പറഞ്ഞിരിക്കുന്നത്. 5 year OEM Warranty.മേൽപ്പറഞ്ഞ ഇനത്തിന്റെ നിരക്കാണ് പ്രൊക്യൂർമെന്റ് കമ്മറ്റിയും ഭരണസമിതിയും അംഗീകരിച്ചത്. എന്നാൽ A Dot Computers ന്റെ Invoice No: L1572/14.3.2018 പ്രകാരം Laptop Acer ESI 572 38 KV (i3/4G/1 14 എണ്ണം എന്നാണ് രേഖപ്പെടുത്തൽ. ഗുണഭോക്താക്കളുടെ കൈപ്പറ്റ രസീതിൽ AMD Processor AMD A8 6410/7410 കൈപ്പറ്റി എന്നാണ് രേഖപ്പെടുത്തൽ. ടെണ്ടർ സ്പെസിഫിക്കേഷനിൽ രേഖപ്പെടുത്തിയ ഗുണമേന്മയോടു കൂടിയ Laptop തന്നെയാണോ ഗുണഭോക്താക്കൾക്ക് നൽകിയത് എന്നുറപ്പു വരുത്തുന്നതിന് ഗുണനിലവാര പരിശോധന നടത്തിയതിന്റെ റിപ്പോർട്ടോ, രേഖപ്പെടുത്തലോ ഫയലിനോടൊപ്പമില്ല. ഐ.ടി. മിഷന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് വാങ്ങൽ നടത്തിയതെന്ന് ഉറപ്പുവരുത്താൻ സഹായിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(II) 03.02.18 ലെ A2-4417/17 സപ്ലൈ ഓർഡർ പ്രകാരം 12.02.18 ന് കമ്പനി സമർപ്പിച്ച സപ്ലൈ എഗ്രിമെന്റിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവച്ചിട്ടില്ല. എഗ്രിമെന്റ് കണ്ടീഷൻ 1(d) പ്രകാരം വാറണ്ടി പിരീഡിൽ (5 വർഷം) repair/replace/service ഉറപ്പുവരുത്തിയിട്ടില്ല.

(iii)സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തി സ്റ്റോക്കിലെടുക്കാതെയാണ് ലാപ് ടോപ്പുകൾ വിതരണം നടത്തിയത്. ഓഡിറ്റ് നിർദ്ദേശമനുസരിച്ച് 27.2.2019 ൽ പഞ്ചായത്തിന്റെ കോമൺ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയാണ് ഉണ്ടായത്.

(iv) 2017-18 ലെ സബ്സിഡി മാർഗ്ഗരേഖ 3.4.17 ലെ 80/17/തസ്വഭവ ഖണ്ഡിക 11.8.6 പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ ഏതാനും ഗുണഭോകേതാക്കൾക്ക് ലാപ്പ് ടോപ്പ് നൽകിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യ പി. എസ്. ഐ.ടി.ഐ ട്രെയിനി

ജിഷ്ണ പി. ബി. ഐ.ടി.ഐ ട്രെയിനി

സുമിത കെ.എസ്. എം. കോം, മായ കോളേജ് വലപ്പാട്

(യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളില്ല)

(B)Proj. No. 91/18 – പട്ടികജാതി വനിതകൾക്ക് ഉപജീവനത്തിന് ഇരുചക്രവാഹനം.

അടങ്കൽ തുക 160000
ചെലവു തുക 79877/- ട്രഷറി ബിൽ നം. 7/5.1.18 തുക, 39244/- ട്രഷറി ബിൽ നം. 9/25.1.18, തുക 39733/-

(i)സബ്സിഡി മാർഗ്ഗരേഖ 80/2017 ഖ .8.7.5 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണോ പദ്ധതി നിർവ്വഹണം നടത്തിയത് എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. അപേക്ഷകൾ തൊഴിൽരഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം. ആനുകൂല്യം ലഭിച്ച നാലു ഗുണഭോക്താക്കളും മേൽപ്പറഞ്ഞ മാനദണ്ഡം പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

(ii)വേണി വേണു, ജിനീഷ സി. വി എന്നിവർ പുതിയ വാഹനം വാങ്ങിയതിന്റെ രജിസ്ട്രേഷൻ രേഖ ഫയലിനോടൊപ്പമില്ല.

(iii)നാലു ഗുണഭോക്താക്കളും വാഹനം വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. Preforma / quotation മാത്രമാണുള്ളത്.

(iv)വാങ്ങിയ വാഹനത്തിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
(C)Proj. No. 97/18 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ
അടങ്കൽ തുക 100000/-
ചെലവു തുക 97000/-

ട്രഷറി ബിൽ നം. 15/14.3.18

(i)22.1.2018 ലെ എ2-4417-17 നം. ടെണ്ടർ പരസ്യം മുഖേന ലഭിച്ച ടെണ്ടറുകളിൽ കുറവ് തുക രേഖപ്പെടുത്തിയത് ഫിഡ്കോ, കോഴിക്കോട് ആണെങ്കിലും ഫർണീച്ചർ സപ്ലൈ ചെയ്തത് ടിപ് ടോപ് സ്റ്റീൽ ഫർണീച്ചർ , വലപ്പാട് ആണ്. ഇപ്രകാരം നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകുന്ന രേഖപ്പെടുത്തലുകൾ ഫയലിൽ ഇല്ല.

(ii)ഫർണീച്ചറിന്റെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ രേഖകളില്ല.

(iii)20 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് 5/2 (10.1.18) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് ഗ്രാമസഭ അംഗീകരിച്ചതായി രേഖകളില്ല.

(iv)27.2.2018 ലെ 006 നം. ഇൻവോയ്സ് പ്രകാരം 20 വീതം മേശയും കസേരയും ടിപ് ടോപ് സ്റ്റീൽ ഫർണീച്ചർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സ്റ്റോക്ക് എൻട്രി നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ വിശദാംശം ലഭ്യമായിട്ടില്ല.

(v)മേശയും കസേരയും കൈപ്പററിയതായി സ്കൂൾ ഹെഡ്മിസ്ട്രസ്സുമാർ കൈപ്പറ്റുരശീത് വെച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളായ കുട്ടികളുടെ അർഹതാ / മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചതായ രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷ തുടങ്ങിയവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റുവിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | സ്കൂൾ | എണ്ണം |
|---|---|---|
| 26.2.18 | HM, RMVHS,<br>പെരിഞ്ഞനം | 2 ടേബിൾ<br>2 ചെയർ |

| | | |
|---|---|---|
| 26.2.18 | HM,GUPS,പെരിഞ്ഞനം | 10ടേബിൾ<br>10 ചെയർ |
| 26.2.18 | HM, EAST U.P.S, പെരിഞ്ഞനം | 4 ടേബിൾ<br>4 ചെയർ |
| 26.2.18 | HM,SNS UPS, പെരിഞ്ഞനം | 4ടേബിൾ<br>4ചെയർ |

(D) പ്രൊജക്റ്റ് നം. 92/18 – പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ തുക 115000/-

ചെലവു തുക 112635/- ട്രഷറി ബിൽ നം. 14/14.3.18

പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

(i)ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സഫാരി ട്രേഡിങ്ങ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു.സൈക്കിളുകൾ ഗുണനിലവാരപരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിനോടൊപ്പമില്ല.

(ii)10/1/18 ലെ 5(1) തീരുമാനപ്രകാരം 27 പേരുടെ (15 ആൺ + 12 പെൺ) ലിസ്ററ് ഭരണസമിതി അംഗീകരിച്ചു. 27.2.18ലെ 565 നമ്പർ Invoice പ്രകാരം സൈക്കിളുകൾ സപ്ലൈ നടത്തിയിട്ടുണ്ട്.എന്നാൽ ആയത് ബ്ലോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

(iii)ഗുണഭോക്താക്കളുടെ അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

(iv)RMVHS സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സ് 21.11.17 ൽ ഹാജരാക്കിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഫയലിലുണ്ട്. ഈ സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികൾ മാത്രമാണോ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമല്ല .

(v)വിദ്യാർത്ഥികളുടെ കൈപ്പറ്റ് ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

മേൽ വിവരിച്ച പ്രകാരം അടിസ്ഥാനരേഖകളുടെ അഭാവം നിമിത്തം പ്രോജക്ടുകൾക്ക് ചെലവാക്കിയ തുകയുടെ സാധുത പരിശോധിച്ച് ഉറപ്പു വരുത്താനായില്ല. രേഖകൾ ഉൾചേർത്ത് നിർദിഷ്ട ഫയലുകൾ പൂർണ്ണമാക്കി ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടോപ്പം സമർപ്പിക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കുന്നതുവരെ ആകെചെലവു തുക 6,93,889 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം 19/01.03.2019)

## 3-11 മെഡിക്കൽ ഓഫീസർ സി.എച്ച്.സി -പദ്ധതി നിർവഹണത്തിലെ അപാകതകൾ

പദ്ധതി നമ്പർ : 135/18 ജീവിതശൈലി രോഗ നിർണയ പരിശോധന
പൊതുവിഭാഗം അടങ്കൽ തുക : 1,50,000/-
ചെലവുതുക :1,00,000/-
ട്രഷറി ബിൽ നമ്പർ 10/23.3.18
പദ്ധതി ആവിഷ്കരിച്ചതിലും നിർവഹണത്തിലും ചുവടെ ചേർത്ത അപാകതകൾ കാണുന്നു.
1.പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത ശൈലി രോഗ നിർണയ പരിശോധന നടത്തുന്നതിന് വനിതകളുടെ ഗ്രൂപ്പ് രൂപീകരിക്കുന്നു. 3വാർഡുകൾക്ക് 1 ഗ്രൂപ്പു കണക്കാക്കി 15 വാർഡുകൾക്ക് 5 ഗ്രൂപ്പുകൾ രൂപീകരിച്ച് അവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്.

പദ്ധതിപ്രകാരം ടെണ്ടർ നടത്തി സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽനിന്നും താഴെപറയുന്ന ഉപകരണങ്ങൾ

ബിപി അപ്പാരറ്റസ് –15എണ്ണം, സ്റ്റെതസ്കോപ്പ്-15എണ്ണം, ഗ്ലൂക്കോമീറ്റർ-15എണ്ണം, ഗ്ലൂക്കോസ് ട്രിപ്സ്-1500എണ്ണം, ഗ്ലൂക്കോമീറ്റർ ലാൻസെറ്റ്- 1500 എണ്ണം വാങ്ങൽ നടത്തി (invoice number 2243/21.3.2018).ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിശദാംശം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2.പ്രൊജക്റ്റ് ക്രമ നമ്പർ 1 ൽ പറഞ്ഞ ലക്ഷ്യവും പ്രവർത്തനങ്ങളും എപ്രകാരം നിർവഹിച്ചു എന്ന സാധൂകരിക്കുന്ന രേഖകൾ പ്രൊജക്റ്റിനോടൊപ്പം ലഭ്യമല്ല. completion റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമല്ല.മേൽ പ്രോജക്ട് വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയത്. 2017-18 വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ 29.03.2017 ലെ ജി.ഒ(എംഎസ്)നം.72/2017/ത.സ്വ.ഭ.വ,തിരു. ഖ.13.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഉൾപ്പെടുത്തേണ്ടത്. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ സഹായകരമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.ആരോഗ്യം വിദ്യാഭ്യാസ സ്ഥിരംസമിതി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ പദ്ധതി ശുപാർശ ഉണ്ടെങ്കിലും നിർവഹണം, മോണിറ്ററിംഗ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകാത്തതിനാൽ ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം.5/25.02.19

## 3-12 സബ്സെന്ററിലേക്ക് ട്രെഡ്മിൽ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

പദ്ധതി നമ്പർ: 136/18 സബ്സെന്ററിലേക്ക് ട്രെഡ്മിൽ വാങ്ങൽ

പൊതുവിഭാഗം അടങ്കൽ തുക : 1,00,000/-

ചെലവുതുക :99792/-

ട്രഷറി ബിൽ നമ്പർ 11/23.3.18

നി.ഉ മെഡിക്കൽ ഓഫീസർ

1. വനിതകളുടെ ആരോഗ്യസംരക്ഷണത്തിനായി സബ്സെന്ററിലേക്ക് ട്രെഡ്മിൽ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ വനിത ഘടകപദ്ധതിയായി ഉൾപ്പെടുത്തിയത് 2017- 18 വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ 29.03.2017 ലെ ജി.ഒ(എംഎസ്)നം.72/2017/ത.സ്വ.ഭ.വ,തിരു. പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായാണ്.ഖ.13.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. മേൽ പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.ടെൻഡർ നടത്തി കോസ്മോസ് സ്പോർട്സ് വേൾഡ് എറണാകുളം എന്ന സ്ഥാപനത്തിൽനിന്നും 90,272 രൂപയ്ക്ക് വാങ്ങൽ നടത്തി.(Invoice No.CKOC-309-2017/22.3.2018). ആയതിന്റെ സ്റ്റോക്ക് വിതരണ വിശദാംശം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് സബ്സെന്ററിലേക്ക് എന്നാണെങ്കിലും ഉപകരണം സൂക്ഷിച്ചിരിക്കുന്നത് പി.എച്ച്.സി കെട്ടിടത്തിലാണെന്ന് ഫാർമസിസ്റ്റ് അറിയിച്ചു.

3.ക്രമനമ്പർ 1 ൽ പറഞ്ഞ ലക്ഷ്യവും പ്രവർത്തനങ്ങളും എപ്രകാരം നിർവഹിച്ചു എന്ന സാധൂകരിക്കുന്ന രേഖകൾ പ്രൊജക്റ്റിനോടൊപ്പം ലഭ്യമല്ല. completion റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമല്ല. വനിതാഘടക പദ്ധതി എന്ന നിലയിൽ സ്ത്രീകളുടെ വരുമാന വർദ്ധനവിന് എത്രത്തോളം സഹായകരമായിയെന്ന് വിലയിരുത്തപ്പെടണം.

4.ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ പദ്ധതി ശുപാർശ

ഉണ്ടെങ്കിലും നിർവഹണം, മോണിറ്ററിംഗ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.
മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകാത്തതിനാൽ ചെലവ് തുക 99,792 രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം.6/25.02.19

## 3-13 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - പദ്ധതി തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ്ജ് ഈടാക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി നം. 101/17-18 പ്രകാരം 1,60,000 രൂപയ്ക്ക് ആലപ്പുഴയിലെ ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ട്രഷറി ബിൽ നം.6 തിയ്യതി 17.03.18 പ്രകാരം തുക കൈമാറി. ഹോംകോ കൈപ്പറ്റു രശീതി ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. 12.8.18 ലെ ഇൻവോയ്സ് നം LF-1043 പ്രകാരം മരുന്നുകൾ ലഭ്യമായി. എന്നാൽ ഈ തുകയിൽ നിന്നും ആകെ 5,224 രൂപ ഫ്രൈറ്റ് ചാർജ്ജ് ഈടാക്കിയതായി കാണുന്നു. ആയുർവ്വേദ മരുന്ന് നൽകുന്ന ഔഷധി തുടങ്ങിയ സ്ഥാപനങ്ങൾ ഇത്തരത്തിൽ ചാർജ്ജ് ഈടാക്കുന്നില്ല. ഇപ്രകാരം ഫ്രൈറ്റ് ചാർജ്ജ് ഈടാക്കുന്നതിനാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നില്ല. കൂടാതെ മരുന്നു വിതരണം സംബന്ധിച്ച് ഹോംകോയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-14 സാന്ത്വന പരിചരണ പദ്ധതി- മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

പദ്ധതി നം:132/19

അടങ്കൽ തുക വികസനഫണ്ട് (ജനറൽ)-3,00,000/-

ബ്ലോക്ക് വിഹിതം -3,00,000/-

ആകെ -6,00,000/-

ചെലവുതുക -5,75,000/-

ബ്ലോക്ക് വിഹിതത്തിൽ നിന്നും 2,75,000 രൂപ (ചെക്ക് നം:SB/JC NO.2206857/28.3.2018) പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിലേക്ക്, തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30.3.2018 ന് കൈമാറി.(17.10.2017ലെ PRF 1407 പ്രൊഫോർമ ഇൻവോയ്സ് )എന്നാൽ ഓഡിറ്റ് തീയതി വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. പാലിയേറ്റീവ് കെയർ പോലെ വളരെ അടിയന്തിരസ്വഭാവമുള്ള പ്രൊജക്ടുകളിൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിലെ കാലതാമസം അഭിലഷണീയമല്ല.ആയത് ലഭ്യമാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 വനിതാ ഘടകപദ്ധതി-ആവിഷ്ക്കരിച്ചതിലെ അപാകതകൾ

വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് വേണ്ടിയാവണം വനിതാ ഘടകപദ്ധതി തയ്യാറാക്കേണ്ടതെന്ന് മാർഗ്ഗരേഖ (72/2017/LSGD/29.3.2017 ഖ.13.3) നിർദ്ദേശിക്കുന്നു. എന്നാൽ തൻവർഷം അസി.സെക്രട്ടറി നടപ്പാക്കിയ ഭൂരഹിതർക്ക് സ്ഥലം (അടങ്കൽ തുക 8,25,000 ചെലവു തുക 3,75,000) വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്താവുന്നതല്ല. (72/17 ഖ.12.13.2.6). മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ:136/18 സബ്സെന്ററിലേക്ക് ടെഡ്മിൽ വാങ്ങൽ, പദ്ധതി നമ്പർ : 135/18 ജീവിതശൈലി രോഗ നിർണയ പരിശോധന എന്നീ പ്രോജക്ടുകൾ സ്ത്രീകളുടെ വരുമാന വർദ്ധനവിന്

എത്രത്തോളം സഹായകരമായിയെന്ന് വിലയിരുത്തപ്പെടണം. വനിതാ ഘടകപദ്ധതിക്കായി 26,89.000 രൂപ വകയിരുത്തിയെങ്കിലും ആയതിൽ 1006076 രൂപ (കേവലം 37%)മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു

## 3-16 മരാമത്ത് പ്രവൃത്തികൾ-അവലോകനം.

1.പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് | നടപ്പാക്കിയത് /ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 70 | 39 | 56 |
| തുക | 20503514 | 9463560 | 46 |

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 70 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തേണ്ടിയിരുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 20503514രൂപയാണ്. ഇതിൽ 39 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ഇതിൽ തന്നെ 39 പ്രൊജക്ടുകൾക്കുള്ള 9463560 രൂപമാത്രമാണ് തൻവർഷം ചെലവഴിച്ചത്. ചെലവ് 46 ശതമാനം മാത്രമാണ്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 56എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ 3 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളും അവശേഷിച്ച പ്രവൃത്തികൾ തൻവർഷ പ്രോജക്ടുകളുമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമപഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 11039954 രൂപ വകയിരുത്തിയ പ്രോജക്ടുകൾ ഓഡിറ്റ് വർഷം നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2.ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് ഗ്രാമ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതോടൊപ്പം പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുകയും ചെയ്യുന്നു. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ശ്രദ്ധിക്കേണ്ടതാണ്. ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

3.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് ആദ്യാവസാനം നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല
5.കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം ചേർത്ത് ആസ്തിയാക്കി മാറ്റി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൽ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുന്നുവെങ്കിലും വാർഷിക കണക്കുമായി താരതമ്യപ്പെടുത്തും വിധം കാലികമാക്കിയിട്ടില്ല.

7. 2017 -18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 29.3.17 ലെ ഉത്തരവ് 72/17 ഖ 12.10 പ്രകാരമുള്ള നിർദ്ദേശങ്ങൾ, ഓരോ ത.സ്വ.ഭ.സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, പദ്ധതിയും തയ്യാറാക്കണമെന്നത് പ്രാവർത്തികമായിട്ടില്ല.മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള ആസ്തി സംരക്ഷണപദ്ധതിയും തയ്യാറാക്കിയിട്ടില്ല.
പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക എന്നതോടൊപ്പം, പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത , പ്രായോഗികത , പൂർത്തീകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ് .

## 3-17 ഗുണഭോക്തൃസമിതി മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ ആയി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത്‌രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 13.11.14ലെ 1/1559/2010/CE/LSGD നം സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ്, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം,യന്ത്രസാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ പ്രവർത്തികൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല. സംയുക്ത പാൻകാർഡ് ഹാജരാക്കിയിട്ടില്ല. ആദായ നികുതി 1% ശതമാനം നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. വരവ് ചെലവ് കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സമിതിയുടെ മിനിറ്റ്സിൽ വരവ് ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി ക്ലോസ്സ് ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവ്വിനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ആയതിനാൽ ബിൽ അനുവദിക്കുമ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്നും 2.5% കുറവ് വരുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല. ഇത് നിമിത്തം കൺവീനർമാർക്ക്

അധികം തുക നൽകാൻ ഇടയായിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.20/20.03.19)

## 3-18 ഗുണഭോക്തൃ സമിതി മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജും നികുതികളും കുറവ് വരുത്തിയതിലെ അപാകതകൾ

A.പ്രൊജക്റ്റ് നം : 16/18
പി.ജി മുകുന്ദൻ മെമ്മോറിയൽ റോഡ് മെറ്റലിംഗ്.

അടങ്കൽ : 341000 MG(R)
ചെലവ് : 318805, ബിൽ നമ്പർ - 2/30.6.17

കരാർ നം : 15/AE/LSGD/PJM/16-17/27.2.17

എംബുക്ക് നം: 146/17-18
T.S Regiser No.12337/16-17

കൺവ്വീനർ : കെ.ബി സന്തോഷ്.

B.പ്രൊജക്റ്റ് നം : 19/18
കടപ്പുറം റോഡ് ബാക്കി ഭാഗം ടാറിംഗ്
അടങ്കൽ : 155000 MG(R)

ചെലവ് : 132519 , ബിൽ നമ്പർ - 5/30.6.17

കരാർ നം : 90/27.2.17

എംബുക്ക് നം: 113/16-17
T.S Regiser No.1281/16-17

കൺവ്വീനർ :കെ.പി ഷാജി.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.
1.ഓവർഹെഡ് 2.5% കുറവ് വരുത്തിയില്ല.

ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവ്വിനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ആയതിനാൽ ബിൽ അനുവദിക്കുമ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്നും 2.5% കുറവ് വരുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല. ഇത് നിമിത്തം കൺവീനർമാർക്ക് അധികം തുക നൽകാൻ ഇടയായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തിമൂല്യം | കൺവീനർക്ക്അധികം നൽകിയ തുക |
|---|---|---|
| പ്രൊജക്റ്റ് നം : 16/18 പി.ജി മുകുന്ദൻ മെമ്മോറിയൽ റോഡ് | 318805 | 318805x2.5%=7970രൂപ |

| | | |
|---|---|---|
| മെറ്റലിംഗ്. | | |
| പ്രൊജക്റ്റ് നം : 19/18 കടപ്പുറം റോഡ് ബാക്കി ഭാഗം ടാറിംഗ് | 132519 | 132519x2.5%=3313 രൂപ |
| | ആകെ തുക | 11283 രൂപ |

2. വരുമാന നികുതി 2% ഈടാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തിമൂല്യം | കൺവീനറിൽ നിന്നും ഈടാക്കിയ നികുതി(1%) | കൺവീനറിൽ നിന്നും ഈടാക്കേണ്ട നികുതി (2%) | വ്യത്യാസം |
|---|---|---|---|---|
| പ്രൊജക്റ്റ് നം : 16/18 പി.ജി മുകുന്ദൻ മെമ്മോറിയൽ റോഡ് മെറ്റലിംഗ്. | 318805 | 3188 | 6376 | 3188 |
| പ്രൊജക്റ്റ് നം : 19/18 കടപ്പുറം റോഡ് ബാക്കി ഭാഗം ടാറിംഗ് | 132519 | 1325 | 2650 | 1325 |
| | | | ആകെ | 4513 |

മേൽ രണ്ടു പ്രവൃത്തികളിലുമായി കൺവീനർമാർക്ക് അധികം നൽകാനിടയായ തുക 11283+4513=15796 രൂപ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.20/02.03.2019)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2013-14 | 416611 | ലഭ്യമല്ല | 0 | 416611 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| | 2016-17 | 100000 | മത്സ്യബന്ധന വല | 100000 | 0 |
| | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 299892 | 8 |
| | 2017-18 | 85000 | നെല്കൃഷിക്ക് കൂലി ചിലവ് സബ്സിഡി | 85000 | 0 |
| | 2017-18 | 75000 | പ്രദേശികഉല്പന്നങ്ങൾക്ക് വിപണന സംവീധാനം | 75000 | 0 |
| | 2017-18 | 250000 | അംഗനവാടി പോഷകാഹാര വിതരണം | 250000 | |
| | 2017-18 | 250000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 250000 | 0 |
| | 2017-18 | 300000 | സാന്ത്വന പരിചരണ പദ്ധതി | 275000 | 25000 |
| | 2017-18 | 100000 | കുട്ടകൃഷി | 0 | 100000 |
| | 2017-18 | 100000 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകൽ | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് | 147700 | 102300 |
| | | | 15/10/2018 തിയ്യതിയിലെ 21800581, 582 നം. വൗച്ചറുകൾ പ്രകാരം ബാക്കി വന്ന 327408/- രൂപ തിരിച്ചടച്ചിട്ടുണ്ട് | | |
| | 2011-12 | 14500 | ലഭ്യമല്ല | 0 | 14500 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S54/18 | 21700865dt14/11/2017 | 850000 | 0 | 850000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 7000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം<br>വൈരക്കൽ സൊസൈറ്റിയിൽ നിക്ഷേപിച്ചത് | തുക<br>7000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| ലഭ്യമല്ല | | 291 | സെക്രട്ടറി പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 117030101196-28/06/2017 |
| KSA TSR(Pen2) 389/17 തീയതി 4.9.17 കത്ത് മുഖേന ( സേവനപുസ്തക പരിശോധന) | | 17231 | സുജാത ജൂനിയർ സൂപ്രണ്ട് | 117030101457 -19/07/2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,33,79,407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,03,75,254 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15796 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 893681 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-18 | | 15796 | പ്രകാശൻ സി.എസ്,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 6,93,889 | രാജു കെ.ജെ,അസി.സെക്രട്ടറി |
| 3-11 | 1,00.000 | സജീവൻ കെ.എം,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 3-12 | 99,792 | സജീവൻ കെ.എം,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| ആകെ | 893681 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രകാശൻ.സി.എസ് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | ചെന്ത്രാപ്പി ഹൗസ്<br>പി.ഒ പനങ്ങാട്<br>ഫോൺ. 9447253420 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 |
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 |
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി3)182/16തി.10.02.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)1275/16തി.29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1734/16തി.19.10.2016 |
| 2016-17 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017 തീയതി: 23.09.2017/17.10.17 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി3)491/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തിയ്യതി: 15.06.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

### ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ